# 14-ാം കേരള നിയമ സഭ
## 9-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.329** **23/01/2018 -ൽ മറുപടിയ്ക്ക്**

## 'കൊല്ലം പാരിപ്പള്ളിയിലുള്ള സർക്കാർ മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ ജി.എസ്.ജയലാൽ | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹിക നീതിയും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം, പാരിപ്പള്ളിയിലുള്ള സർക്കാർ മെഡിക്കൽ കോളേജിൽ അടുത്ത വർഷത്തേക്കുള്ള എം.ബി.ബി.എസ് പ്രവേശനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ തടഞ്ഞതായുള്ള പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വസ്തുതകൾ വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ റിപ്പോർട്ടിൽ കാണിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, ഓവർസൈറ്റ് കമ്മിറ്റി, കേന്ദ്ര സർക്കാർ എന്നിവിടങ്ങളിൽ സമർപ്പിക്കുകയും, ബന്ധപ്പെട്ട അധികാരികൾ കേന്ദ്ര സർക്കാരിൽ നേരിട്ട് ഹാജരായി കൊല്ലം മെഡിക്കൽ കോളേജിൽ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് അറിയിക്കുകയും അടുത്ത അദ്ധ്യയന വർഷത്തിൽ പ്രവേശനം സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട് |
| (ബി) കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജ് സർക്കാർ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജ് സർക്കാർ മേഖലയിൽ നിലനിർത്തുന്നതിന്, മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും സുഗമമായ പ്രവർത്തനത്തിനാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ചും തിരുവനന്തപുരം ഇന്ദിരാഗാന്ധി സർക്കാർ മെഡിക്കൽ കോളേജിൽ അനുവദിച്ചിരുന്ന തസ്തികകൾ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി സ്ഥാപിച്ചും അവശ്യം വേണ്ടുന്ന ഉപകരണങ്ങൾ സ്ഥാപിച്ചും 2017-18 അദ്ധ്യയന വർഷത്തിൽ 100 എം.ബി.ബി.എസ് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷം കൊല്ലം മെഡിക്കൽ കോളേജിന് വേണ്ടി പദ്ധതിയേതര ബഡ്ജറ്റ് വിഹിതമായി 18,46,63,000/- രൂപയും വിവിധ ശീർഷകങ്ങളിലായി അഡീഷണൽ ഓതറൈസേഷൻ മുഖേന 10,07,40,000/- രൂപയും അനുവദിച്ചിരുന്നു |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മെഡിക്കൽ കോളേജിൽ ഇ.എസ്.ഐ തൊഴിലാളികൾക്ക് പ്രത്യേക ആനുകൂല്യങ്ങളും സൗകര്യങ്ങളും ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്നും അറിയിക്കാമോ? | (സി) | ഇപ്പോൾ ലഭ്യമായ എല്ലാ ആനുകൂല്യങ്ങളും സൗകര്യങ്ങളും ഇ.എസ്.ഐ തൊഴിലാളികൾ ഉൾപ്പെടെ എല്ലാവർക്കും സൗജന്യമായി നൽകിവരുന്നു. ഇ.എസ്.ഐ തൊഴിലാളികൾക്ക് സൗജന്യ ഭക്ഷണം കുടുംബശ്രീ വഴി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ.എസ്.ഐ ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനും അവർക്ക് വേണ്ട സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ടി മെഡിക്കൽ കോളേജിൽ തന്നെ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു |

**സെക്ഷൻ ഓഫീസർ**